(സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് ജയിൽ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ചീമേനി തുറന്ന ജയിലിലെ നിർമ്മാണ പ്രവർത്തനങ്ങൾ

101 (393) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി തുറന്ന ജയിലിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

രണ്ട് പുതിയ ബാരക്കുകൾ, 23 ക്വാർട്ടേഴ്സുകൾ, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഹോസ്പിറ്റൽ ബിൽഡിംഗ്, കിച്ചൺ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

പരോൾ സംബന്ധിച്ച നിലവിലുള്ള നിബന്ധനകളിലെ ഇളവുകൾ

102(394) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ തടവുകാരുടെ പരോൾ സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും പ്രത്യേകമായി പരോൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല.

മലബാർ സിമന്റ്സിലെ അഴിമതി

103(395) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വാളയാറുള്ള മലബാർ സിമന്റ്സിലെ വൻ അഴിമതികളെ സംബന്ധിച്ച് 2002 ജനുവരി മുതൽ ഇതുവരെ എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ കേസ്സിന്റെയും നമ്പറും, തീയതിയും, പ്രസ്തുത കേസുകളിൽ ഓരോന്നിലും എത്ര പ്രതികൾ ഉണ്ടെന്നും ഇവർ ആരെല്ലാമെന്നും ഓരോ കേസിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രത്യേകം, പ്രത്യേകമായി വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly